കേരള സാമൂഹ്യ സുരക്ഷാ മിഷൻ

നമ്പർ : KSSM/1002/2026-DEO6

തിരുവനന്തപുരം
തീയതി : 13-08-2026

ലഘു ക്വട്ടേഷൻ നോട്ടീസ്

2026-27 വർഷത്തെ ഓണം വാരാഘോഷത്തിന്റെ സമാപനഘോഷയാത്രയിൽ അവതരിപ്പിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ ഒരു ഫ്ലോട്ട് തയ്യാറാക്കി നൽകുന്നതിലേക്കായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വിശദാംശങ്ങൾ

1. ഭിന്നശേഷി സൗഹൃദ കേരളം എന്ന പ്രധാന ആശയത്തിലൂന്നി "**എല്ലാവർക്കും ഒരേ ഓണം – ഭിന്നശേഷി സൗഹൃദ കേരളം"** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരിക്കണം ഫ്ലോട്ട് രൂപകൽപ്പന ചെയ്യേണ്ടത്. (ആശയം അനുബന്ധം **1** ആയി ചേർക്കുന്നു)

2. ഫ്ലോട്ട് നിർമ്മിക്കാനാവശ്യമായ വാഹനം **(Eicher) 12** അടി പ്ലാറ്റ്ഫോമോടു കൂടിയതും ഗതാഗതയോഗ്യവും പരിപാടിയുടെ പ്രവർത്തനങ്ങൾക്ക് അനുയോജ്യവുമായിരിക്കണം.

3. വാഹന വാടക, സാധന സാമഗ്രികളുടെ വില, വേതനം, ജനറേറ്റർ, ഫയർ എസ്റ്റിൻഗ്യുഷർ, **LED** ലൈറ്റിംഗ്, ഇതര ചെലവുകൾ സഹിതം ജി.എസ്.റ്റി ഉൾപ്പെട്ട തുകയായിരിക്കണം ക്വട്ടേഷനിൽ കാണിക്കേണ്ടത്. ഓരോ ഘടകങ്ങളും അവയുടെ തുകയും പ്രത്യേകം പ്രത്യേകം ക്വട്ടേഷനിൽ പരാമർശിക്കേണ്ടതാണ്.

4. എം.എസ് ഫ്രയിം, പ്ലൈവുഡ്, തടി, മറ്റു പരിസ്ഥിതി സൗഹാർദ്ര വസ്തുക്കൾ എന്നിവ ഉപയോഗിച്ചാണ് ഫ്ലോട്ട് തയ്യാറാക്കേണ്ടത്. കൂടാതെ, ഫോം ബോർഡ്, എ.സി.പി, കോട്ടൺ, മറ്റു പരിസ്ഥിതി സൗഹാർദ്ര വസ്തുക്കൾ എന്നിവ ഉപയോഗിച്ചായിരിക്കണം അലങ്കാരം നടത്തേണ്ടത്. ആവശ്യമുള്ളയിടത്തെല്ലാം പുഷ്പ അലങ്കാരം അല്ലെങ്കിൽ പരമ്പരാഗത അലങ്കാരം ചെയ്യാവുന്നതാണ്.

5. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കുകൾ ഒഴിവാക്കേണ്ടതും പുനരുപയോഗിക്കാവുന്നതും പരിസ്ഥിതി സൗഹാർദ്ദ വസ്തുക്കൾ ഉപയോഗിച്ചും മാലിന്യ ഉത്പാദനം പരമാവധി കുറച്ചും പരിപാടിയിലുടനീളം സർക്കാരിന്റെ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിച്ചുമായിരിക്കണം ഫ്ലോട്ട് നിർമ്മിക്കേണ്ടത്.

6. ടൂറിസം വകുപ്പ് ഓണാഘോഷം **2026** – ഓണം വാരാഘോഷത്തിന്റെ സമാപന

ഘോഷയാത്രയിലെ ഫ്ലോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും (അനുബന്ധം 2)അനുസരിച്ചായിരിക്കണം ഫ്ലോട്ട് നിർമ്മിക്കേണ്ടത്. കൂടാതെ സർക്കാരിന്റെ ഗ്രീൻ പ്രോട്ടോകോൾ (അനുബന്ധം 3) കർശനമായി പാലിക്കേണ്ടതുമാണ്.

6. മാതൃകയും തുകയും അംഗീകരിക്കുന്ന മുറയ്ക്ക് വർക്ക് ഓർഡർ നൽകുന്നതാണ്.

ക്വട്ടേഷനുകൾ അടങ്ങിയ കവറിനു മുകളിൽ **"ഓണം ഘോഷയാത്രയിൽ ഒരു ഫ്ലോട്ട് തയ്യാറാക്കി നൽകുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കണം. ഇവ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം **695012** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സംബന്ധിച്ചോ ഫ്ലോട്ടിന്റെ ആശയവുമായി ബന്ധപ്പെട്ടോ ഉള്ള വിവരങ്ങൾക്ക് പ്രവർത്തി ദിനങ്ങളിൽ പ്രവർത്തി സമയത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഹെഡ് ഓഫീസിലേക്ക് ബന്ധപ്പെടാവുന്നതാണ് **(0471 - 2341200).**

ക്വട്ടേഷനുകൾ അവരവരുടെ സ്വന്തം ലെറ്റർ ഹെഡുകളിലാണ് സമർപ്പിക്കേണ്ടത്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **18.08.2026 വൈകുന്നേരം 3.00 മണി** ആയിരിക്കും. അനുവദിച്ചിരിക്കുന്ന സമയ പരിധിക്കു ശേഷം സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം തന്നെ **(18.08.2026) വൈകുന്നേരം 3.30 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.** ക്വട്ടേഷൻ നൽകിയവർക്കോ അവരുടെ പ്രതിനിധികൾക്കോ ക്വട്ടേഷൻ തുറക്കുന്ന സമയത്തു സന്നിഹിതരാകാവുന്നതാണ്. ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ അന്തിമ തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ / സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

വിശ്വസ്തതയോടെ,

Dr ARUN S NAIR IAS

EXECUTIVE DIRECTOR KSSM

ഉള്ളടക്കം

1. അനുബന്ധം 1 - ഫ്ലോട്ടിന്റെ ആശയം
2. അനുബന്ധം 2 - ഓണാഘോഷം 2026- ഘോഷയാത്ര - ഫ്ലോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങളും നിബന്ധനകളും
3. അനുബന്ധം 3 - ഓണാഘോഷം 2026 - സർക്കാരിന്റെ ഗ്രീൻ പ്രോട്ടോകോൾ പാലനവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. ഔദ്യോഗിക വെബ് സൈറ്റ്

Digitally signed by
ARUN S NAIR
Date: 13-08-2026
11:37:49

കേരള സാമൂഹ്യ സുരക്ഷാ മിഷൻ

നമ്പർ : KSSM/1002/2026-DEO6 (1)

തിരുവനന്തപുരം
തീയതി : 13-08-2026

രൂപരേഖ ആശയം

"എല്ലാവർക്കും ഒരേ ഓണം"

"ഓണം ആഘോഷമാകണമെങ്കിൽ അത് എല്ലാവരുടേയും ആഘോഷമാകണം. ഭിന്നശേഷി സൗഹൃദ കേരളം – ഉൾച്ചേരലിലൂടെ സമത്വത്തിലേക്ക്."

ആശയം: "അനുയാത്ര – എല്ലാവർക്കുമൊപ്പമുള്ള ഓണയാത്ര"

ദൃശ്യം: വാഹനത്തിന്റെ മുൻഭാഗത്ത് മഹാബലി ഒരു പരമ്പരാഗത അലങ്കാര രഥത്തിലോ വഞ്ചിയിലോ.
പിന്നിൽ "അനുയാത്ര" എന്ന പേരിലുള്ള പ്രതീകാത്മക യാത്ര.

യാത്രയിൽ ഒരുമിച്ച്: വീൽചെയർ ഉപയോഗിക്കുന്ന വിദ്യാർത്ഥി
വെളുത്ത വടി ഉപയോഗിക്കുന്ന കാഴ്ചപരിമിതിയുള്ള വ്യക്തി
കേൾവിപരിമിതിയുള്ള ഒരാൾ
മുതിർന്ന പൗരൻ
കുട്ടികൾ
സാധാരണ ജനങ്ങൾ

എല്ലാവരും കൈകോർത്തോ പൂക്കൾ പിടിച്ചോ ഒരേ ദിശയിലേക്ക് നീങ്ങുന്നതിന്റെ പ്രതീതി. വഴിയിലുടനീളം റാംപ്, ബ്രെയിൽ ബോർഡ്, തുടങ്ങിയ ഉൾച്ചേരലിന്റെ പ്രതീകങ്ങൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്. 4 ഭിന്നശേഷി പ്രതിഭകൾ ഡിസൈൻ ചെയ്ത വാഹനത്തിൽ ഓണപ്പാട്ട് പാടുന്നു.

വിശ്വസ്തതയോടെ,

Dr ARUN S NAIR IAS
EXECUTIVE DIRECTOR KSSM

കേരള സർക്കാർ

Onam CELEBRATIONS Aug 24 - 30, 2026

kerala God's Own Country

ഓണാഘോഷം 2026 - ഘോഷയാത്ര

നിർദ്ദേശങ്ങളും നിബന്ധനകളും

- കമ്മറ്റി നിർദ്ദേശിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി ചലനാത്മകമോ, നിശ്ചലമോ ആയ ദൃശ്യങ്ങൾ ഫ്ലോട്ടിൽ അവതരിപ്പിക്കുക.
- ആശയങ്ങൾ ഒറ്റനോട്ടത്തിൽത്തന്നെ കാണികളിലേക്ക് സംവേദനം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കും വിധം ഫ്ലോട്ടുകൾ തയ്യാറാക്കുക.
- വിവാദ വിഷയങ്ങളും ജനമനസ്സുകളിൽ ഏതെങ്കിലും തരത്തിലുള്ള വിഭാഗീയത സൃഷ്ടിക്കുന്നവയും ഫ്ലോട്ടിന്റെ ആഖ്യാനത്തിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.
- ഫ്ലോട്ടിന്റെ **നീളം 20 അടി, വീതി 10 അടി, റോഡിൽ നിന്നുള്ള ഉയരം 16 അടി**, എന്ന ക്രമത്തിൽ കവിയരുത്
- അപകടകരമായ വസ്തുക്കൾ, സ്ഫോടകവസ്തുക്കൾ എന്നിവ ഫ്ലോട്ടുകളിൽ ഉപയോഗിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്. കൂടാതെ, എല്ലാ ഫ്ലോട്ടുകളിലും **Fire Extinguisher** ഉറപ്പുവരുത്തേണ്ടതാണ്.
- **ഗ്രീൻ പ്രോട്ടോക്കോൾ** പാലിച്ചുകൊണ്ടായിരിക്കണം ഫ്ലോട്ടുകൾ നിർമ്മിക്കേണ്ടത്.
- സർക്കാർ നിബന്ധനകളുടെയും നിയമങ്ങളുടെയും നയങ്ങളുടെയും ലംഘനം കണ്ടെത്തിയാൽ ഘോഷയാത്രയുടെ ഏതുഘട്ടത്തിലും അവതരണത്തിൽ നിന്നും ഫ്ലോട്ടുകളെ പിൻവലിക്കുവാൻ ഘോഷയാത്ര കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
- ഫ്ലോട്ടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളും അതാത് വകുപ്പുകൾ നീക്കം ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- ഘോഷയാത്ര അവസാനിച്ചതിനുശേഷം ഫ്ലോട്ടുകളുടെ ഭാഗങ്ങൾ റോഡിൽ ഉപേക്ഷിക്കുവാൻ പാടുള്ളതല്ല.
- ഫ്ലോട്ടിനെ അനുഗമിക്കുന്ന ആളുകളുടെ എണ്ണം പരമാവധി 5 പേർ മാത്രമായിരിക്കണം. അവരുടെ പേരുവിവരങ്ങൾ (ഫോൺ നമ്പർ ഉൾപ്പെടെ) ഘോഷയാത്ര കമ്മറ്റിക്ക് നൽകേണ്ടതാണ്.
- 18 വയസ്സിന് താഴെയുള്ള കുട്ടികളെ ഘോഷയാത്രയിൽ പങ്കെടുപ്പിക്കരുത്.

(മറുപുറം)

Department of Tourism
Park View, Thiruvananthapuram, 695 033, Kerala, India.
Phone: +91 471 2560426 | Email: mktg.tourism@kerala.gov.in | ddmktg.tourism@kerala.gov.in

- ഘോഷയാത്ര ആഗസ്റ്റ് **30** ന് വൈകുന്നേരം **5.00** മണിക്ക് ഫ്ലാഗ്ഗ് ഓഫ് ചെയ്യുന്നതായിരിക്കും. ഫ്ളോട്ടുകളും കലാരൂപങ്ങളും ഉച്ചയ്ക്ക് **1.30** ന് അതാത് വകുപ്പുകൾക്ക് അനുവദിച്ച സ്ഥലത്ത് സമയ ക്ലിപ്തതയോടെ എത്തിച്ചേർന്നിട്ടുണ്ടെന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
- ഫ്ലോട്ടിന്റെ ഇടത് വശത്തായി രണ്ടു സ്ഥലങ്ങളിൽ ജഡ്ജസിനു കാണത്തക്ക വിധത്തിൽ അവരവർക്കനുവദിച്ചിട്ടുള്ള നമ്പർ പ്രദർശിപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

Office Number	: 0471 2560426
Sri. Arun Kumar K.	: 9495657652
Sri. Reji V.L.	: 9995292907
E-mail	: onampageantry@keralatourism.org

ശ്രീ. എൻ. ശക്തൻ എം.എൽ.എ.
ചെയർമാൻ
ഓണം ഘോഷയാത്ര കമ്മറ്റി

ശ്രീ. ഹർഷിൽ ആർ. മീണ **IAS**
കൺവീനർ
ഓണം ഘോഷയാത്ര കമ്മറ്റി

ഓണം വാരാഘോഷം – 2026
ഗ്രീൻ പ്രോട്ടോകോൾ പാലനം
വിവിധ സബ് കമ്മറ്റികൾക്കുള്ള മാർഗ്ഗരേഖ

വിഷയം :- ത.സ്വ.ഭ.വ – ശുചിത്വ മിഷൻ – ഓണം വാരാഘോഷം – 2026 – **"ഹരിത ഓണം"** – ഗ്രീൻ പ്രോട്ടോകോൾ പാലനം – സംബന്ധിച്ച്

സൂചന:- **1)** 02.07.2026 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംഘാടക സമിതി യോഗം

2) 02.07.2026 ന് ബഹു. വിനോദ സഞ്ചാരവും സാംസ്കാരികവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്ന യോഗം

3) 13.07.2026 തീയതിയിലെ വിനോദ സഞ്ചാരവകുപ്പിൽ നിന്നുമുള്ള സ.ഉ.(സാധാ) നം 310/2026/TSM ഉത്തരവ്

4) ഖരമാലിന്യ പരിപാലന ചട്ടം, 2026

5) ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം. 6174/2023 കേസിലെ 19-02-2026-ലെ ഉത്തരവ്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2026 വർഷത്തെ ഓണം വാരാഘോഷം വൃത്തിയും ശുചിത്വവും ഉറപ്പാക്കി സുഗമവും വിജയകരവുമായി നടപ്പിലാക്കുന്നതിനായും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ഉണ്ടാകുന്ന മാലിന്യം തരംതിരിച്ച് ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിനും ലക്ഷ്യമിട്ട് "ഹരിത ഓണം" എന്ന ആശയം മുൻനിർത്തി പ്രവർത്തിക്കുന്നതിലേക്കായി സൂചന (1), (2) പ്രകാരം ഗ്രീൻ പ്രോട്ടോകോൾ സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയത് സംബന്ധിച്ച് സൂചന (3) പ്രകാരം ശ്രീ.വി.മുരളീധരൻ, ബഹു.എം.എൽ.എ, കഴക്കൂട്ടം ചെയർമാനായും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും ഗ്രീൻ പ്രോട്ടോകോൾ സബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

തരംതിരിക്കാത്ത മാലിന്യം ഫെസ്റ്റിവൽ സ്റ്റാളുകളിൽ നിന്നും കൈമാറുന്ന പ്രവണത, നിരോധിത ഉൽപ്പന്നങ്ങൾ (ഡിസ്പോസിബിൾ സാധനങ്ങൾ) വ്യാപകമായി സ്റ്റാളുകളിൽ ഉപയോഗിക്കുന്നത്, അത്തരം മാലിന്യങ്ങൾ പൊതുവിടങ്ങളിൽ നിക്ഷേപിക്കുന്നതും ജലസ്രോതസ്സുകളിൽ തള്ളുന്നതും, പൊതുവിടങ്ങളിൽ കൂട്ടിയിട്ട് കത്തിക്കുന്ന പ്രവണതയും മുൻവർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും, ആയത് തിരുവനന്തപുരം നഗരത്തിൽ ഉൾപ്പെടെ ഗുരുതര പാരിസ്ഥിതിക – മലിനീകരണ – ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാലും, സൂചന (4), (5) പ്രകാരം ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശം നിലനിൽക്കുന്നതിനാലും, ഗ്രീൻ പ്രോട്ടോകോൾ പ്രകാരം

മാലിന്യത്തിന്റെ അളവ് കുറച്ചും, തരംതിരിച്ചും ശാസ്ത്രീയ മാലിന്യസംസ്കരണം ഉറപ്പാക്കിയും ഓണം വാരാഘോഷം സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്.

എന്തുകൊണ്ട് ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കണം?

സംസ്ഥാന സർക്കാരിന്റെ മാലിന്യ സംസ്കരണ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രതിദിനം രൂപപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവ് 10004 ടൺ ആണ്. ഓണം എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം വ്യാപാര ഉത്സവം കൂടിയാണ്. എന്നതിനാൽ ഓണത്തോടനുബന്ധിച്ചുള്ള മാസങ്ങളിൽ സംസ്ഥാനത്തിന്റെ പ്രതിദിന ഖരമാലിന്യ ഉത്പാദന തോതിൽ 40 ശതമാനം വരെ വർദ്ധനവ് രേഖപ്പെടുത്താറുണ്ട്. കൂടാതെ ഓണക്കാലത്ത് വിവിധ സംഘടനകളും സർക്കാർ വകുപ്പുകളുമൊക്കെ സംഘടിപ്പിക്കുന്ന പ്രത്യേക ഓണാഘോഷ പരിപാടികളും കൂടിച്ചേരുമ്പോൾ ഒരു മാസത്തിൽ 4,20,120 ടൺ മാലിന്യം കൈകാര്യം ചെയ്യേണ്ടതായി വരുന്നു. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ വെല്ലുവിളി നിറഞ്ഞ സാഹചര്യമാണ്. മാത്രമല്ല ഇത്തരത്തിൽ രൂപപ്പെടുന്ന മാലിന്യങ്ങൾ പൊതുവിടങ്ങളിലോ ജലസ്രോതസ്സുകളിലോ അശാസ്ത്രീയമായി നിക്ഷേപിക്കപ്പെടുന്ന സാഹചര്യവും അതിലൂടെ ഗുരുതര മലിനീകരണ പ്രശ്നങ്ങളും, വെള്ളപൊക്കം, പകർച്ചവ്യാധികൾ വർദ്ധിക്കുന്നത് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും, രൂപപ്പെടുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മ സേന മുഖേന ശാസ്ത്രീയ സംസ്കരണത്തിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമുണ്ട്. കൂടാതെ പരാമർശം (4) പ്രകാരം കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഖരമാലിന്യ പരിപാലന ചട്ടം, 2026 ന്റെ അടിസ്ഥാനത്തിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, നാലായി തരംതിരിക്കൽ (ജൈവം, അജൈവം, സാനിട്ടറി, പ്രത്യേകമായി കൈകാര്യം ചെയ്യേണ്ടവ), ശാസ്ത്രീയ സംസ്കരണം എന്നിവ നടത്താത്ത പക്ഷം സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ/ ഉദ്യോഗസ്ഥർ, ജില്ലാ കള്ക്ടർമാർ ഉൾപ്പടെ ചട്ടങ്ങൾ പാലിക്കാത്ത വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, പൗരൻമാർ, കേന്ദ്ര – സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പരാമർശം (5) പ്രകാരം ബഹു.സുപ്രീം കോടതിയും ഉത്തരവായിരുന്നു. മേൽ സാഹചര്യത്തിൽ ഓണാഘോഷം 2026 "ഹരിത ഓണം" എന്ന ബ്രാന്റിംഗോടെ മാലിന്യരഹിതമായി ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് സംഘടിപ്പിക്കുന്നതിലേക്ക് സംഘാടക സമിതിയുടെ ഭാഗമായ ഓരോ സബ് കമ്മിറ്റികളും നടപ്പിലാക്കേണ്ട/ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം

- പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, നിരോധിത ഡിസ്പോസിബിൾ വസ്തുകൾ (പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കപ്പുകൾ/പ്ലേറ്റുകൾ, തെർമോക്കോൾ പ്ലേറ്റുകൾ, നിരോധിത ഫ്ലെക്സ് ഉല്പന്നങ്ങൾ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കറി കവറുകൾ/ പാത്രങ്ങൾ) ഒഴിവാക്കി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലൂടെ.

- നിരോധിത പി. വി. സി ഫ്ലെക്സിന് പകരം റീസൈക്ലബിൾ പോളി എത്തിലിൻ/ തുണി ചണം എന്നിവ ഉപയോഗിച്ച് ബാനർ/ ഹോർഡിങ്ങുകൾ പ്രിന്റ് ചെയ്യുന്നതിലൂടെ.

- ശാസ്ത്രീയമായി മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിലൂടെ.

- പൊതുവിടങ്ങളിലും സ്ഥാപനങ്ങളിലും ജൈവ - അജൈവമാലിന്യം തരംതിരിച്ച് ബിന്നുകളിൽ നിക്ഷേപിക്കുന്നതിലൂടെ

- അജൈവ മാലിന്യം വലിച്ചെറിയാതെ/ കത്തിക്കാതെ/ജലസോത്രസുകളിൽ നിക്ഷേപിക്കാതെ ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിലൂടെ.

- പ്ലാസ്റ്റിക് ക്യാരിബാഗ് ഒഴിവാക്കി തുണി സഞ്ചി ഉപയോഗിക്കുന്നതിലൂടെ

- പ്ലാസ്റ്റിക് പാഴ്സൽ പാക്കിംഗ് ഒഴിവാക്കുന്നതിലൂടെ

- പ്ലാസ്റ്റിക്/ തെർമോക്കോൾ പോലുള്ള ഡിസ്പോസിബിൾ സ്റ്റാക്സ് പാത്രങ്ങൾ ഒഴിവാക്കുന്നതിലൂടെ

- പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ, തുണി സഞ്ചികൾ, റീസൈക്കിൾ ചെയ്യാവുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിലൂടെ

- കുടിവെള്ള കുപ്പികൾക്ക് പകരം സ്റ്റീൽ ബോട്ടിലുകൾ കൈയ്യിൽ കരുതുന്നതിലൂടെ

- ശുചിത്വ മിഷൻ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ഏജൻസികൾക്ക് മാത്രം മാലിന്യം ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിലൂടെ

ഘോഷയാത്രാ കമ്മിറ്റിക്കുള്ള ഗ്രീൻ പ്രോട്ടോകോൾ നിർദ്ദേശങ്ങൾ

ഓണം വാരാഘോഷത്തോടനുബന്ധിച്ച് എല്ലാ വകുപ്പുകളും മത്സര ബുദ്ധിയോടെയാണ് ഓണം ഘോഷയാത്രയെ വർണ്ണാഭമാക്കുന്നതിനായി ഫ്ലോട്ടുകൾ തയ്യാറാക്കുന്നത്. ആയതുകൊണ്ട് തന്നെ ഇത്തരം ഫ്ലോട്ടുകളുടെ നിർമ്മാണത്തിനായി കൂടുതലും ഉപയോഗിക്കുന്നത് തെർമ്മോകോളും വിവിധതരം പ്ലാസ്റ്റിക് വസ്തുക്കളുമാണ്. ഇത്തരം വസ്തുക്കളുടെ ഉപയോഗത്തിന് ശേഷം നല്ലൊരു ശതമാനം പുന:ചംക്രമണ സാധ്യമല്ലാത്ത മാലിന്യം രൂപപ്പെടുന്നതിന് കാരണമാകുന്നുണ്ട്. കൂടാതെ കുടിവെള്ള കുപ്പികൾ, ശീതള പാനീയങ്ങൾ, കാണികൾ വലിച്ചെറിയുന്ന വിവിധതരം മാലിന്യങ്ങൾ എന്നിവ ഘോഷയാത്ര കടന്നുപോകുന്ന വീഥികളിലുടനീളം ഉണ്ടാക്കുന്നതിനും സാധ്യതയുണ്ട്. ആയതുകൊണ്ട് തന്നെ ഓണം ഘോഷയാത്രയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഫ്ലോട്ടുകളുടേയും നിർമ്മാതാക്കൾക്കും സംഘാടന ചുമതലയിൽ വരുന്ന വകുപ്പുകൾ/ആളുകൾക്കും ഇത്തരം വസ്തുക്കൾ ഒഴിവാക്കുന്നതിന് ഘോഷയാത്ര കമ്മിറ്റി നൽകേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- നിരോധിത ഉത്പന്നങ്ങളായ പി വി സി ഫ്ലക്സുകൾ പൂർണ്ണമായും ഫ്ലോട്ടുകളുടെ നിർമ്മാണത്തിൽ ഒഴിവാക്കേണ്ടതും പോളിഎത്തിലിൻ, കോട്ടൺ തുണി, ചണം,പേപ്പർ തുടങ്ങിയവ പകരമായി ഉപയോഗിക്കേണ്ടതുമാണ്.

- തെർമോക്കോൾ ഉൽപ്പന്നങ്ങൾ, മൾട്ടിലെയർ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, പുനചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്.

- പ്രകൃതി സൗഹൃദ വസ്തുക്കളോ പുനരുപയോഗിക്കാവുന്നതോ പുന:ചംക്രമണയോഗ്യമായതോ ആയ വസ്തുക്കൾ മാത്രം ഉപയോഗിച്ച് ഫ്ലോട്ടുകൾ നിർമ്മിക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകൾക്കും നിർദ്ദേശം നൽകാവുന്നതാണ്.

- പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിതമായ ഫ്ലോട്ടുകൾക്ക് സമ്മാന നിർണ്ണയത്തിൽ മുൻഗണന നൽകാവുന്നതാണ്.

- തികച്ചും പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കുന്ന ഫ്ലോട്ടുകൾക്ക് ഹരിത ഫ്ലോട്ട് അവാർഡ് നൽകുന്നത് പരിഗണിക്കാവുന്നതാണ്.

- ഓണം ഘോഷയാത്രയിലുടനീളം ലഘുഭക്ഷണം, കുടിവെള്ളം തുടങ്ങിയവ വിതരണം ചെയ്യുന്നതിന് ഡിസ്പോസബിൾ വസ്തുക്കൾ, കുപ്പിവെള്ളം എന്നിവ പൂർണ്ണമായും ഒഴിവാക്കി പകരം വാട്ടർകീയോസ്കുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ തുടങ്ങിയവ പകരമായി ഉപയോഗിച്ച് ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

- ഘോഷയാത്രയിൽ പങ്കെടുക്കുന്ന ആളുകൾക്ക് കുടിവെള്ളം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന ഗ്ലാസ്സുകളിൽ നിശ്ചിത ഇടങ്ങളിൽ കൗണ്ടർ സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിൽ തിരുവനന്തപുരം നഗരസഭയുമായി സഹകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

- കുടിവെള്ളവും, ശീതള പാനീയങ്ങളും (പ്ലാസ്റ്റിക് ബോട്ടിൽ, പൗച്ചുകൾ) ഘോഷയാത്രയിലുടനീളം വിതരണം/വിപണനം ചെയ്യുന്നത് നിരോധിക്കാവുന്നതാണ്.

- ഘോഷയാത്രയിൽ പങ്കെടുക്കുന്നവർക്കായി വിവിധ സ്പോൺസർമാർ തൊപ്പികൾ, മാസ്കുകൾ, വിശറികൾ, ബാഡ്ജുകൾ തുടങ്ങിയവ വിതരണം ചെയ്യുന്ന പ്രവണത കണ്ട് വരുന്നതിനാൽ ഇത്തരം സ്പോൺസർമാർ ഘോഷയാത്ര കമ്മിറ്റിക്ക് മുമ്പാകെ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിതമായവ മാത്രം ടി. ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതിനും കർശന നിർദ്ദേശം നൽകാവുന്നതാണ്.

- ഫ്ലോട്ടുകളും മറ്റ് കലാരൂപങ്ങളും തയ്യാറാക്കുന്ന സ്ഥലങ്ങളിൽ (ഉദാ: ടാഗോർ തീയറ്റർ, കൈറ്റ്സിന്റെ ഓഫീസ് പരിസരം, വിവിധ സ്കൂളുകൾ, ഗ്രൗണ്ടുകൾ തുടങ്ങിയവ) ഭക്ഷണം വിതരണം ചെയ്യുന്നതിന്റെയും, ഫ്ലോട്ടുകൾ തയ്യാറാക്കുന്നതിന്റെയും ഭാഗമായി രൂപപ്പെടുന്ന മാലിന്യങ്ങൾ അതാതിടങ്ങളിൽ വലിച്ചെറിയാതെ പ്രത്യേകം ബിന്നുകളും സംഭരണികളും സ്ഥാപിച്ച് അതിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

- ഫ്ലോട്ടുകൾ നിർമ്മിക്കുകയും പൊളിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി രൂപപ്പെടുന്ന മാലിന്യം സംഭരിച്ച് ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിന് സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനിയുമായി ഫ്ലോട്ട് നിർമ്മിക്കുന്ന വകുപ്പുകൾ ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതാണ്. (മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരളാ കമ്പനി – 0471–2724600, മാനേജർ – 7558086677).

- ഇത്തരം ഇടങ്ങളിൽ നിരീക്ഷണത്തിന് വോളന്റിയർമാരെ നിയോഗിക്കാവുന്നതാണ്. ഈ വിഷയത്തിൽ വോളന്റിയർ കമ്മിറ്റിയോടും തിരുവനന്തപുരം നഗരസഭയോടും സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

- ജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിന് താൽക്കാലിക അടിസ്ഥാനത്തിൽ പോർട്ടബിൾ തുമ്പൂർമൂഴി യൂണിറ്റുകൾ, അജൈവ വസ്തുക്കൾ നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ എന്നിവ ഇടവിട്ടുള്ള സ്ഥലങ്ങളിൽ നഗരസഭയുടെ സഹകരണത്തോടെ സ്ഥാപിക്കാവുന്നതാണ്.

- ഘോഷയാത്രയിൽ രജിസ്റ്റർ ചെയ്യുന്ന ഗ്രൂപ്പുകളുടെ /സ്ഥാപനങ്ങളുടെ ലിസ്റ്റ് ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റിക്ക് മുൻകൂർ ലഭ്യമാക്കി അവർക്ക് ശുചിത്വ മിഷൻ മുഖേന പരിശീലനം ലഭ്യമാക്കേണ്ടതാണ്.

- മാലിന്യം കത്തിക്കുക, വലിച്ചെറിയുക, പൊതുവിടങ്ങളിൽ കൂട്ടിയിടുക, ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 9446700800 എന്ന വാട്സ് ആപ്പ് നമ്പറിലേക്ക് കുറ്റകൃത്യം ചെയ്ത ആളിന്റെ ഫോട്ടോ/വീഡിയോ സഹിതം അയച്ച് നൽകുക.

- കുറ്റക്കാരിൽ നിന്നും ഈടാക്കുന്ന പിഴത്തുകയുടെ 25 ശതമാനം പരാതിക്കാരന് ലഭിക്കുന്നതാണ്.